# File No.LSGD-FM2/26/2020-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കൽ - മണ്ണ് പരിശോധന - പതിനായിരം രൂപയിൽ കവിയാത്ത തുക തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.371/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **12/02/2020**

പരാമർശം:- കുന്ദമംഗലം എം എൽ എ സമർപ്പിച്ച 17/01/2020 ലെ K-21/2019 നമ്പർ കത്ത്

**ഉത്തരവ്**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒരു കോടി രൂപ വീതം അനുവദിച്ച പ്രവൃത്തികളുടെ എസ്.പി.വിയായി കിലയെ നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഡി പി ആർ തയ്യാറാക്കുവാൻ സോയിൽ ടെസ്റ്റ് നടത്തേണ്ടതും ആയതിന് പതിനായിരം രൂപയോളം ചെലവാകുന്നതുമാണ്. എന്നാൽ തുക ലഭ്യമാക്കാൻ കിലയ്ക്ക് നിലവിൽ സംവിധാനമില്ലാത്തതിനാൽ സ്കൂളുകൾ നിലനിൽക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് പ്രസ്തുത തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ യഥേഷ്ടനുമതി നൽകി പൊതു ഉത്തരവ് പുറപ്പെടുവിക്കുകയോ അതിന് സാധിക്കാത്ത പക്ഷം കുന്ദമംഗലം നിയമസഭാ മണ്ഡലത്തിലെ ചാത്തമംഗലം ,മാവൂർ ,പെരുമണ്ണ ,ഒളവണ്ണ ഗ്രാമ പഞ്ചായത്തുകൾക്ക് തനതു ഫണ്ടിൽ നിന്നും ടി ആവശ്യത്തിന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവുണ്ടാകണമെന്നാണ് കുന്ദമംഗലം എം എൽ എ ആവശ്യപ്പെട്ടിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഫ് ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ മണ്ണ് പരിശോധന നടത്തുന്നതിന് 10,000/- രൂപയിൽ (പതിനായിരം രൂപ) കവിയാത്ത തുക ഗ്രാമ പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown
Digitally signed by SMITHA B CHANDRA
Date: 2020.02.19 15:54:24 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്

കുന്ദമംഗലം എം എൽ എയുടെ പി എയ്ക്ക്